**Athmaraksha.org**

ലേഖനം - അനുഭവം, സാക്ഷ്യം

## ദൈവം ജോണിനെ തൊട്ടപ്പോൾ..




ഇന്നത്തെ ധ്യാനം : ഇന്നലെകൾ കടന്ന് പോകും, നാളെകൾ വരാതിരിക്കാം. എന്നാൽ ഇന്നിന്റെ ഈ നിമിഷം നമ്മുടെ സ്വന്തമാണ്. അതിനാൽ മനോഭാവങ്ങളിലും ചിന്തകളിലും എനിക്ക് മാറ്റം വരേണ്ടിയിരിക്കുന്നു.

നമ്മുടെ ജീവിതത്തിന്റെ ഓരോ സ്പന്ദനവും ദൈവത്തിന്റെ പദ്ധതിയാൽ രൂപപ്പെടുന്നതാണെന്ന അവബോധം നമ്മെ അവിടുത്തെ ഹൃദയത്തിലേക്ക് കൂടുതൽ അടുപ്പിക്കും. ആത്മാവിന്റെ സഹായത്തോടെ ജീവിതത്തിൽ ദൈവികപദ്ധതികളെ വിവേചിച്ചറിയാനും അവയ്ക്ക് മുമ്പിൽ 'ആമ്മേൻ' പറയാനുമുള്ള മനോഭാവം നമ്മിൽ ഉടലെടുക്കുമ്പോൾ ജീവിതത്തിൽ കണ്ടുമുട്ടുന്ന മധുരവും കയ്പ്പേറിയതുമായ അനുഭവങ്ങളെ ഒരേപോലെ സ്വീകരിക്കാൻ നമുക്ക് കഴിയും. ഈ ഞായറാഴ്ച നാം കാണുന്നത് ഇങ്ങനെ കുരിശുകളെ 'ആമ്മേൻ' എന്ന് പറഞ്ഞ് സ്വയം സ്വീകരിച്ച ജോണിനെയാണ്.

'ജോൺ, നിനക്ക് ഇനി ഒരിക്കലും തനിയെ ശ്വസിക്കാനാവില്ല; ഒരിക്കലും തനിയെ ഭക്ഷിക്കാനാവില്ല; ഒരിറക്ക ജലം നീ തനിയെ സ്വീകരിക്കില്ല; ഒരിക്കലും നീ എഴുന്നേറ്റിരിക്കില്ല; ഒരിക്കലും തനിയെ നടക്കില്ല...' 2008 സെപ്റ്റംബർ ഒന്നിന് മെഡിക്കൽ സയൻസ് ഈ വിധിവാചകം ജോൺസനു നേരെ എറിയുമ്പോൾ ജീവച്ഛവമായി കിടക്കുകയായിരുന്നു, അന്നയാൾ.

സ്വന്തം മക്കളെ കോളജിൽ എത്തിച്ച്, മടങ്ങിവരും വഴിയെ ആണ് ആ ദുരന്തം. നാലു പേരടങ്ങുന്ന കാറിലായിരുന്നു യാത്ര. സുഹൃത്തായ ബിജു പുതിയമഠവും അദ്ദേഹത്തിന്റെ മകളും ജോൺസണും ഏകമകളായ ജീനയും. ബിജു അപകടസ്ഥലത്തു മരണമടഞ്ഞു. ജോൺ മരണവുമായി വിലപേശി ആശുപത്രിയിലെ അത്യാഹിതവിഭാഗത്തിലും. ബിജുവിന്റെ മരണവാർത്ത സ്വീകരിക്കാൻ അന്നിവർക്ക് കഴിയുമായിരുന്നില്ല. രണ്ടു ശരീരമെങ്കിലും ഒരേ മനോഭാവമുള്ളവർ; രണ്ടു വീടുകളിലെങ്കിലും ഒരൊറ്റ കുടുംബംപോലെ ജീവിച്ചവർ. പള്ളിയിലും ജോലിസ്ഥലത്തും യാത്രയിലും കളിസ്ഥലത്തും ഒരുപോലെ ചരിച്ചവർ. അപകടത്തിന്റെ ഞെട്ടലിൽനിന്നും ജോൺസൺ സുബോധത്തിലേക്കു വരുമ്പോൾ ബിജുവിന്റെ

മരണവാർത്തയാണ് കേൾക്കുന്നത്. എങ്ങനെ സഹിക്കും; സഹിക്കാതിരിക്കും? മൂന്നു പെൺമക്കളെയും ഭാര്യ സിനോയെയും ഇനി ആര് ആശ്വസിപ്പിക്കും? അയാളുടെ മനസു തകർന്നു; ശരീരത്തിലെ മുറിവുകൾ മറന്ന് അയാൾ കരയാൻ തുടങ്ങി.



ജോൺ എഞ്ചിനിയറാണ്. ഭാര്യ ഗ്രെയ്സ് നേഴ്സും. ജീന കോളജിൽ പഠിക്കുന്നു, ജാസൻ പന്ത്രണ്ടിലും. പിന്തിരിഞ്ഞു നോക്കുമ്പോൾ ഒരത്ഭുതം എന്നുമാത്രം ചുരുക്കിയെഴുതി ഇവർ ജോൺ ചാച്ചന്റെ സൗഖ്യയാത്ര വിവരിക്കുന്നതു കാണുക. ന്യൂയോർക്കിൽ ജീവിക്കുന്ന ഇവരുടെ ഈ യാത്ര ആരംഭിക്കുന്നത് ആഴമായ വിശ്വാസത്തിന്റെയും പതറാത്ത ഇച്ഛാശക്തിയുടെയും തകരാത്ത ആത്മബലത്തിന്റെയും വഴിയിലാണ്. സ്പൈനൽ കോഡിൽ കാര്യമായ ക്ഷതം സംഭവിച്ച ജോൺചാച്ചന് ഇനി ഒന്നും ചെയ്യാനാവില്ല എന്ന ഖേദകരമായ വാർത്തയാണിവർ ഡോക്ടേഴ്സിൽനിന്നും ആദ്യപരിശോധനയ്ക്കുശേഷം കേട്ടത്. ശിരസിനു കീഴെ ശരീര അവയവങ്ങൾക്കൊന്നും സ്പർശന അനുഭവമോ ചലനശക്തിയോ ഇല്ല. കരങ്ങൾ ചലിപ്പിക്കാനാകുന്നില്ല, സംസാരിക്കാൻ കഴിയുന്നില്ല, ശ്വസിക്കാൻ പോലും പറ്റുന്നില്ല. അപകടസ്ഥലത്തുനിന്നും ഹെലികോപ്റ്ററിൽ വെസ്റ്റ് ചെസ്റ്റർ മെഡിക്കൽ സെന്ററിലാണ് പ്രവേശിപ്പിച്ചത്.

ഗ്രെയ്സും ജീനയും ജാസനും ഇവരുടെ കുടുംബത്തെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒട്ടേറെ പേരും ഇങ്ങനെ ചിന്തിക്കാൻ തുടങ്ങി: 'ജോണിന്റെ ദൈവത്തിലുള്ള ആശ്രയത്തെക്കുറിച്ച് ഈ വിധിവാചകങ്ങൾ പറയുന്നവർക്ക് ഒരു പിടിയുമില്ല. അൾത്താരയിൽ നിരന്തരം സഹായിക്കുന്ന ജോണിനെ ഇവർ അറിയില്ല. ദൈവത്തിന്റെ കാര്യത്തിന് മനസും ശരീരവും മറന്ന് അധ്വാനിക്കാൻ സന്മനസുള്ള ഇയാളെ അവർ അറിയില്ല. അവർ അറിയുന്നത് സെപ്റ്റംബർ ഒന്നിലെ ജോണിനെ മാത്രം. ദൈവത്തിനായി നിലകൊണ്ട ജോണിനെ ദൈവം കൈവിടുമോ? തകർന്ന ജോണിന്റെ ശരീരത്തിൽ നോക്കി മനസു തകർക്കാതെ, ബലപ്പെടുത്താൻ കഴിവുള്ള ദൈവത്തിലേക്ക് അവർ ദൃഷ്ടി ഉയർത്തി.

എങ്ങനെ സിമ്മിങ് പൂളിൽ നീന്തണം, എങ്ങനെ അമ്പതുപേർക്ക് അരമണിക്കൂറുകൊണ്ട് കുക്കുചെയ്യണം, എങ്ങനെ ഗ്രിൽ ചിക്കൻ ഉണ്ടാക്കണം എന്നൊക്കെ പറഞ്ഞും ചെയ്തും പഠിപ്പിക്കുന്ന ജോൺ എഴുന്നേറ്റ് വീണ്ടും ഇതൊക്കെ ചെയ്യുമെന്നവർ സ്വപ്നം കണ്ടു. ഇരുപത്തിയാറ് ദിവസത്തെ തീവ്രപരിചരണത്തിനുശേഷം, ഹെല്ലൻ ഹെയ്സ് എന്ന റിഹാബിലിറ്റേഷൻ സെന്ററിലേക്ക് ഇദ്ദേഹത്തെ മാറ്റി. അവിടെയും ഡോക്ടേഴ്സ് കൈവിട്ട മട്ടിലാണ് കാര്യങ്ങൾ പറഞ്ഞുതന്നത്. സ്പൈനൽ കോഡ് ക്ഷതങ്ങളിൽ ഏറ്റവും ശോചനീയമായതാണിത്. എവിടെ ജോണിനെ അഡ്മിറ്റ് ചെയ്താലും ഇതേ കേൾക്കൂ എന്നവർക്ക് അറിയാമായിരുന്നു. എങ്കിലും, അവർ തളർന്നില്ല. ജോൺ ചാച്ചന്റെ മനസിനെ ഉദ്ദീപിപ്പിക്കാൻ പ്രതീക്ഷ നൽകുന്ന ദൈവവചനങ്ങളും ചിത്രങ്ങളും റൂമിൽ മുഴുവൻ പതിപ്പിച്ചു. ചേതനയറ്റപോലെ ജോൺ കിടക്കുമ്പോഴും എപ്പോഴെങ്കിലും കണ്ണുകൾ ഉയർത്തി നോക്കുമ്പോൾ അയാൾ കാണുന്നത് പ്രതീക്ഷയുടെ വാക്കുകൾ മാത്രമായിരുന്നു. ആ ചുമരിൽ

ഒരിഞ്ചു സ്ഥലംപോലുമില്ല, ജോണിന്റെ പ്രതീക്ഷയെ നിശ്ചലമാക്കുന്നത്. എവിടെയും വർണശബളമായ ദൈവവചനങ്ങൾ. ജോൺ സ്നേഹംകൊണ്ടും വിശ്വാസംകൊണ്ടും പ്രതീക്ഷകൊണ്ടും നിറയാൻ തുടങ്ങി. ഇവരുടെ വിശ്വാസത്തിൽ ദൈവത്തിന് ഇവർക്കായി പ്രവർത്തിക്കാതിരിക്കാൻ കഴിയുമായിരുന്നില്ല. ജോണിന് നിശ്ചലമായിരിക്കാനും കഴിയുമായിരുന്നില്ല.

അവരെല്ലാം ആട്ടും പാട്ടും പ്രാർത്ഥിക്കും നൃത്തം ചെയ്യും. കളിക്കും. ജോണിന് എന്നും ആനന്ദം മാത്രം നൽകും. തീവ്രമായിരുന്ന ആ നാളുകൾ. ഉറക്കമൊളിച്ച് അവർ ജോണിനു വേണ്ടി നിൽക്കും. പതുക്കെ പതുക്കെ ഞരമ്പുകൾ ചലിക്കാൻ തുടങ്ങുന്നു. കാവൽമാലാഖയെ ചേർത്തുപിടിച്ച് ജോണിന്റെ ചലനത്തിൽ അവർ വിസ്മയം കൊള്ളും. ജോണിന് പതുക്കെ പതുക്കെ സ്വന്തമായി ശ്വസിക്കാൻ കഴിഞ്ഞു എന്നതായിരുന്നു ആദ്യാത്ഭുതം. നാലു മാസമായി ഒരേ ആശുപത്രിയിലെ ശുശ്രൂഷയും പരിചരണവുമായി ഒരു കുടുംബവും ഇതുമായി ബന്ധപ്പെടുന്ന മറ്റുള്ളവരും. അവസാനം, വീട്ടിലേക്കു ജോണിനെ കൊണ്ടുപോകാമെന്നു തീരുമാനിച്ചു. 'നിങ്ങൾ എന്താണീ ചെയ്യുന്നത്? രാവും പകലും നിങ്ങൾ ഇയാൾക്കു കാവലിരിക്കുമോ?' ചില ഡോക്ടർമാർ ചോദിച്ചു. എന്തായാലും ഞങ്ങൾ ഏറ്റെടുക്കാൻ തയാറാണെന്ന് കുടുംബാംഗങ്ങൾ. പ്രത്യേക പരിശീലനം സിദ്ധിച്ച നഴ്സുമാരും തെറപ്പിസ്റ്റുകളും വീട്ടിലില്ല. ഇവരെ വീട്ടിൽ കൊണ്ടുവന്നു പരിചരണത്തിനുള്ള സൗകര്യം ചെയ്യാനുള്ള സാമ്പത്തികശേഷിയുമില്ല. ഇതെല്ലാം ഇനി ആരു ചെയ്യും, എങ്ങനെ ചെയ്യും? ശുശ്രൂഷയിൽ പാതിവഴിയെ അവസാനിപ്പിച്ച് ജോൺചാച്ചനെ മാറ്റിനിറുത്താൻ ഞങ്ങൾക്കാവില്ല. മറ്റൊന്നും ചിന്തിച്ചില്ല, ഈ വെല്ലുവിളികളെല്ലാം ദൈവനിയോഗത്തിന്റെ അവസരങ്ങളാക്കി മാറ്റുകതന്നെ.

കൂട്ടായ യത്നത്തിന്റെ, കുടുംബബന്ധങ്ങളുടെ ശക്തിയും മാധുര്യവും അറിയുന്നത് തുടർന്നുള്ള നാളുകളിലാണ്. ജോണിനെപ്പോലെ രോഗികളാകുന്നവരും സൗഖ്യവഴിയിൽ ചരിക്കുന്നവരും നൂറുകണക്കിന് കണ്ടേക്കാം. എന്നാൽ ഒരുപറ്റം കുടുംബങ്ങളും ഇടവകാംഗങ്ങളും സുഹൃത്തുക്കളും ഒരു കുടുംബത്തിന്റെ അത്താണിയായി ഇക്കഴിഞ്ഞ മൂന്നാണ്ടുകാലം തുടർച്ചയായി നീങ്ങിയെന്നത് ഈ കഥയെ വ്യത്യസ്തമാക്കുന്നു. സഹോദരസ്നേഹം രുചിച്ചറിയാൻ അയാൾ കിടപ്പുരോഗിയായതുപോലെ. ദൈവത്തിന്റെ കരങ്ങൾ മനുഷ്യർവഴി എങ്ങനെ ചലിക്കുന്നു എന്നറിയാൻ അയാൾ രോഗിയായതുപോലെ. കഴിഞ്ഞ ഒട്ടേറെ മാസങ്ങളായി സ്വന്തം അടുപ്പിൽ തീപൂട്ടാൻ അനുവദിക്കാതെ പരിസരത്തുള്ളവർ അതും അമേരിക്കപോലുള്ള ഒരു രാജ്യത്ത്, സഹായവും ഭക്ഷണവും സാന്നിധ്യവുമായി ഓടിയെത്തുന്നു എന്നറിയുമ്പോൾ ഈ കഥയുടെ ക്ലൈമാക്സ് എന്താകുമെന്ന് ഊഹിക്കാനാകും.

ശരീരത്തിന് കരുത്തും ശക്തിയുമുള്ള സമയത്ത് പരസഹായം ജോണിന്റെ ജീവിതത്തിന്റെ നിത്യഭാഗമായിരുന്നു. തന്നിൽത്തന്നെ വിശ്വസിക്കുന്നതിനെക്കാൾ മറ്റുള്ളവരിൽ വിശ്വസിക്കാൻ കുഞ്ഞുങ്ങളെ അയാൾ പഠിപ്പിച്ചു. ഏതു പ്രതിസന്ധിയിലും ജോൺ ആശ്വാസദൂതനാണ്. ഞാൻ ചെയ്തുകൊള്ളാം. ഒന്നും ഭയപ്പെടേണ്ട എന്നതാണ് പല്ലവികളിലൊന്ന്. ദശാംശം കൊടുക്കുന്ന കാര്യത്തിൽ യാതൊരു ദാക്ഷിണ്യവുമില്ല. സഹായത്തിനെത്തുന്നവരെ ഒരിക്കലും വെറുംകൈയോടെ വിടരുതെന്നതാണ് ഫിലോസഫി. എന്തായാലും ദൈവത്തെ മാനിച്ച ജോണിനെ ദൈവവും മാനിക്കാൻ തുടങ്ങി.

പരിചരണത്തിനുള്ള ഉപകരണങ്ങളും യന്ത്രങ്ങളും വാഹനങ്ങളും വ്യത്യസ്തമായ കോണിൽനിന്നും എത്താൻ തുടങ്ങി. തകർന്ന മനസോടെ ദൈവത്തിൽ പ്രതീക്ഷവച്ച് പ്രാർത്ഥിക്കുന്ന കുടുംബാംഗങ്ങൾ ജോണിന്റെ ഓരോ ദിവസവുമുള്ള പുരോഗതിയിൽ ആശ്വസിച്ചു. ജോൺ ആദ്യമായി കരം ചലിപ്പിച്ചപ്പോൾ ആനന്ദിച്ചത് നൂറുകണക്കിന് സഹയാത്രികരാണ്. ജർമനിയിൽ കൊണ്ടുപോയി പരിചരണത്തിനുള്ള സൗകര്യങ്ങൾ ചെയ്തതും രണ്ടാഴ്ചകൊണ്ട് അൻപതിനായിരം ഡോളർ സമാഹരിച്ച് ഇവർക്ക് എത്തിച്ചുകൊടുത്തതും ഇടതടവില്ലാതെ ഫോൺ വിളിച്ചും ദീർഘദൂരം യാത്ര ചെയ്ത് സന്ദർശിച്ചതും എല്ലാം ദൈവകൃപയുടെ വഴികളായി ഇന്ന് ഈ കുടുംബം ധ്യാനിക്കുന്നു.

വികാരിയച്ചൻ എല്ലാ ദിവ്യബലികളിലും മധ്യസ്ഥപ്രാർത്ഥനയ്ക്കിടയിൽ ജോൺസനായി പ്രാർത്ഥിക്കും. ദൈവം കൈയിലെടുത്തപ്പോൾ യാതൊരു സമ്മർദ്ദങ്ങളുമില്ലാതെ സൗഖ്യവഴിയിലൂടെ അവർ ചരിച്ചു.

ഒരു കഷണം അപ്പം സ്വന്തമായി ജോൺ എടുത്തു ഭക്ഷിച്ച നേരം അവർക്ക് ഓണാഘോഷത്തിന്റെ തിമർപ്പായിരുന്നു. എത്രയോ തവണ അദ്ദേഹം ഭക്ഷിച്ചിട്ടുണ്ട്, ഭക്ഷണം ഒരുക്കിയിട്ടുണ്ട്. എന്നാൽ ചിലത് നഷ്ടപ്പെടുമ്പോഴേ നാമതിന്റെ മൂല്യമറിയൂ എന്ന് ജോൺ. ശ്രദ്ധിക്കാത്ത ചില ശരീരഭാഗങ്ങൾപോലും ദുർബലമാകുമ്പോഴാണ് നാമതിനെക്കുറിച്ച് ചിന്തിക്കുന്നത്. ജീനയുടെ നേതൃത്വത്തിൽ Faith in Action. Hope in Motion എന്ന പേരിൽ ഒരു ബ്ലോഗു തുടങ്ങി. അതു നിരീക്ഷിക്കുന്നവരൊക്കെ ജോണിന്റെ പരിചരണത്തിൽ എന്നും ബന്ധപ്പെട്ടുകൊണ്ടിരുന്നു. സമാനമായ അപകടരോഗങ്ങളിൽ കഴിയുന്നവർക്ക് എക്കാലത്തും വഴികാട്ടിയാണ് ഇവരുടെ ബ്ലോഗ്. സഹായിക്കുന്ന ഓർഗനൈസേഷനുകളും പ്രധാന ആശുപത്രികളുമൊക്കെ ഈ ബ്ലോഗിലുണ്ട്.

പഴയ ജോൺചാച്ചനെ തിരിച്ചുകിട്ടാൻ എല്ലാവരും പ്രാർത്ഥനയിലാണ്. ദൈവം കൈവിടില്ലെന്ന് വല്ലാത്ത ഒരുറപ്പുണ്ട് ഇവരെ കാണുന്നവരിലൊക്കെ. കാരണം, ഇവരെ കാണുന്നവർ കരയുമ്പോഴും ഇവർ ചിരിയിലാണ്. എല്ലാം ശരിയാകുമെന്ന വലിയ പ്രത്യാശയുടെ ചിരി. പരാതിയുടെ ഒരു വാക്കുപോലും ജോണിൽ നിന്നും ആരും കേൾക്കില്ല. പരിഭവത്തിന്റെ ഒരു നോട്ടംപോലും ആ കണ്ണുകളിലില്ല. ദശാംശം കൊടുത്തോ എന്നുറപ്പുവരുത്തണം, വീട്ടിലെത്തിയവർക്ക് നല്ല ഭക്ഷണം നൽകിയോ എന്നുറപ്പിക്കണം. ജെ.സി. ടീം എന്ന പേരിലാണ് ജോൺചാച്ചന്റെ സൗഖ്യവഴിയിലെ ടീം അറിയപ്പെടുന്നത്. അതു ഗോളടിക്കുകതന്നെ ചെയ്യും. കാരണം, ക്യാപ്റ്റൻ ക്രിസ്തുവാണ്.

തന്റെ നിത്യ മഹത്വത്തിലേക്കു ക്രിസ്തുവിൽ നിങ്ങളെ വിളിച്ചിരിക്കുന്ന അനുഗ്രഹദാതാവായ ദൈവം നിങ്ങളെ അൽപകാലത്തെ സഹനത്തിനുശേഷം പൂർണരാക്കുകയും സ്ഥിരീകരിക്കുകയും ശക്തരാക്കുകയും ചെയ്യും (1 പത്രോസ് 5:10).

കർത്താവ് എന്നേക്കുമായി ഉപേക്ഷിക്കുകയില്ല. അവിടുന്ന് വേദനിപ്പിച്ചാലും തന്റെ കാരുണ്യാതിരേകത്തിന് അനുസൃതമായി ദയ കാണിക്കും (വിലാപങ്ങൾ 3:31-32).

ദൈവത്തിന്റെ ശക്തമായ കരത്തിൻകീഴിൽ, നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ. അവിടുന്നു തക്കസമയത്തു നിങ്ങളെ ഉയർത്തിക്കൊള്ളും. നിങ്ങളുടെ ഉത്കണ്ഠകളെല്ലാം അവിടുത്തെ ഏൽപിക്കുവിൻ. അവിടുന്നു നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ് (1 പത്രോസ് 5:6).

കടപ്പാട്: in.sundayshalom.com